## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7050 2/11/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി "സ്വയം തൊഴിൽ പദ്ധതി" നിലവിലുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പ്രോജക്ടിന്റെ 20 ശതമാനമോ പരമാവധി 25000/- രൂപ വരെയോ പലിശയില്ലാതെ വായ്പയായി അനുവദിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സാമൂഹിക - സാമ്പത്തിക ഉന്നമനത്തിനും വരുമാന വർദ്ധനവിനും ഉതകുന്നതരത്തിലുള്ള അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് സർക്കാർ സബ്സിഡിയായി ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) സ്വയം തൊഴിൽ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വ്യക്തിക്ക് 3 ലക്ഷം രൂപ വരെ അടങ്കൽ |

തുകയുള്ള പദ്ധതിയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള വ്യവസായ സംരംഭങ്ങൾക്ക് 3.5 ലക്ഷം രൂപ സബ്സിഡിയായും നൽകുന്നു. വ്യവസായ വായ്പയായി വ്യവസായ സംരംഭങ്ങൾക്ക് പ്രോജക്ടിന്റെ 20% (പരമാവധി 25000/-) രൂപവരെ പലിശയില്ലാത്ത വായ്പ അനുവദിയ്ക്കുന്നു.
വനിത സ്വയംസഹായ സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന് 1.25 ലക്ഷം രൂപയോ അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും 10000/- രൂപ നിരക്കിലോ ഇതിൽ ഏതാണോ കുറവ് എന്ന് കണക്കാക്കി പ്രസ്തുത തുക സർക്കാരിൽ നിന്നും സബ്സിഡിയായി നൽകുന്നുണ്ട്.

തൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പയുടെ സബ്സിഡിയും ലോണും തമ്മിലുള്ള അനുപാതം എത്രയാണെന്നും വെളിപ്പെടുത്തുമോ?

(സി) സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അനുവദിക്കുന്ന ലോണും സബ്സിഡിയും തമ്മിലുള്ള അനുപാതം 3:1 എന്ന നിരക്കിലാണ്.

സെക്ഷൻ ഓഫീസർ